ഉത്തരം

(എ) ഉണ്ട്.

(ബി) മേൽ തീരുമാനത്തിന്റെ വെളിച്ചത്തിൽ 101 റിവോൾവർ (0.32) 1996 ജൂലായ് മാസത്തിൽ വാങ്ങിയിട്ടുണ്ട്. ഇതിന് 44,14,665 രൂപ ചെലവായി.

(സി&ഡി) എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് ആയുധങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഏതാണ്ട് പൂർത്തിയായി വരുന്നു.

എക്സൈസ് വകുപ്പിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചവർക്കെതിരെ വിജിലൻസ് അന്വേഷണം

39 (994)ശ്രീ. വി.ജെ. പൗലോസ്

ശ്രീ. വി. ബാലറാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരിൽ അറിയപ്പെടുന്ന വരവുകൾക്കതീതമായി സ്വത്ത് സമ്പാദിച്ചതിന്റെ പേരിൽ ആരുടെയെല്ലാം പേരിൽ വിജിലൻസ് അന്വേഷണം നടത്തണമെന്ന് വകുപ്പിലെ വിജിലൻസ് ഓഫീസർ ശുപാർശ ചെയ്തിരുന്നു;

(ബി) ഈ ശുപാർശ പ്രകാരം ആരുടെയെല്ലാം പേരിൽ അന്വേഷണം നടത്തിയിട്ടുണ്ട്;

(സി) ബാക്കിയുള്ളവരുടെ പേരിൽ അന്വേഷണം നടത്താത്തതിനുള്ള കാരണമെന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രീ. വർഗ്ഗീസ് ഐസക്, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തണമെന്ന് വകുപ്പിലെ വിജിലൻസ് ഓഫീസർ ശുപാർശ ചെയ്തിരുന്നു.

(ബി) ശ്രീ. വർഗ്ഗീസ് ഐസക്കിന്റെ പേരിൽ അന്വേഷണം നടന്നു വരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

എക്സൈസ്, പോലീസ് ഉദ്യോഗസ്ഥന്മാർക്ക് മാസപ്പടി നൽകുന്ന സംഭവങ്ങൾ

40 (995)ശ്രീ. ബി. വിജയകുമാർ :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് നിലവിൽവന്നശേഷം അബ്കാരി കോൺട്രാക്ടർമാർ എക്സൈസ് പോലീസ് ഉദ്യോഗസ്ഥന്മാർക്ക് മാസപ്പടി നല്കുന്ന സംഭവങ്ങൾ എവിടെ നിന്നെല്ലാം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) ഈ കാര്യത്തിൽ ഗവണ്മെന്റ് എന്തു നടപടി എടുത്തു;

(സി) ഈ ഏർപ്പാട് അവസാനിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly